ജില്ലാ എമർജൻസി ഓപ്പറേറ്റിംഗ് സെന്റർ
കളക്ടറേറ്റ്, വയനാട്, കൽപ്പറ്റ.
ഫോൺ നമ്പർ: 04936 202251
ഇ മെയിൽ: deocwyd@gmail.com

**ചെയർപേഴ്സൺ ജില്ലാ ദുരന്ത നിവാരണ അതോറിറ്റി & ജില്ലാ കളക്ടർ വയനാടിന്റെ നടപടിക്രമം**

(ഹാജർ: ഡോ.അദീല അബ്ദുള്ള ഐ എ എസ്)

വിഷയം: ഡിസാസ്റ്റർ മാനേജ്മെന്റ്- കോവിഡ്-19- വോളണ്ടിയർമാരുടെ പ്രവർത്തനം- മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത്.

---

DCWYD/2909/2019(1)-DM1 dated 02.04.2020

---

വേൾഡ് ഹെൽത്ത് ഓർഗനൈസേഷൻ പുറത്ത് വിട്ട കണക്കുപ്രകാരം കൊറോണ വൈറസുമൂലമുണ്ടാകുന്ന കോവിഡ്-19 എന്ന രോഗബാധ ഇന്ന് ലോകത്ത് 199 രാജ്യങ്ങളെ ബാധിച്ചിട്ടുണ്ട്. ഇതിനെ പ്രതിരോധിക്കുന്നതിനായി സംസ്ഥാനമൊട്ടാകെ 'ലോക്ക് ഡൌൺ' പ്രഖ്യാപിച്ചിട്ടുള്ള സാഹചര്യത്തിൽ ഭക്ഷണം ലഭിക്കാതെയും സാധന സാമഗ്രികളും മരുന്നും ലഭിക്കാതെയും കഷ്ടപ്പെടുന്നവരെ സഹായിക്കുന്നതിനായി കമ്മ്യൂണിറ്റി കിച്ചനുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. അവിടങ്ങളിലും, കൂടാതെ മരുന്നുകൾ വാങ്ങി നൽകുന്നതിനും സാധന സാമഗ്രികളും ഭക്ഷണവും വിതരണം ചെയ്യുന്നതിനും, ഇതര സംസ്ഥാന തൊഴിലാളികൾക്ക് ഭക്ഷണം, ഭക്ഷ്യവസ്തുക്കൾ എന്നിവ വിതരണം ചെയ്യുന്നതിനും, കോവിഡ് കെയർ സെന്ററുകളുടെ പരിപാലനത്തിനും, ചെക്ക്പോസ്റ്റുകളിലെ സേവനങ്ങൾക്കുമായും വോളണ്ടിയർമാരെ നിയോഗിച്ചിട്ടുണ്ട്.

ഇത്തരത്തിൽ പ്രവർത്തിക്കുന്ന വോളണ്ടിയർമാരുടെ പ്രവർത്തനം സംബന്ധിച്ച് താഴെ കൊടുത്തിരിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചുകൊണ്ടും വോളണ്ടിയർ മാനേജ്മെന്റ് നോഡൽ ഓഫീസറായി ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടറെ ചുമതലപ്പെടുത്തിക്കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

1. ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ഏറ്റവും കുറഞ്ഞ എണ്ണം വോളണ്ടിയർമാരെ മാത്രമേ ഒരു ദിവസം നിയോഗിക്കാൻ പാടുള്ളൂ. ഇത്തരത്തിൽ ഇവരെ രണ്ടാഴ്ച്ചക്കാലത്തേയ്ക്കാണ് നിയോഗിക്കേണ്ടത്.
2. സന്നദ്ധം പോർട്ടൽ വഴി രജിസ്റ്റർ ചെയ്ത വോളണ്ടിയർമാരെ മാത്രമേ നിയമിക്കാൻ പാടുള്ളൂ.
3. ജില്ലാ ദുരന്ത നിവാരണ അതോറിറ്റി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സമർപ്പിക്കുന്ന ലിസ്റ്റ് സന്നദ്ധം പോർട്ടലിൽ ഉള്ള ലിസ്റ്റുമായി ഒത്തുനോക്കി, ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും ഓരോ രണ്ടാഴ്ച്ചയിലേക്കും നിയോഗിക്കേണ്ട വോളണ്ടിയർമാർക്കുള്ള പാസുകൾ കാലാവധി രേഖപ്പെടുത്തി നൽകുന്നതാണ്.
4. വാർഡ്തല ആരോഗ്യ ജാഗ്രതാ സമിതിയിലെ അംഗങ്ങൾക്ക് പ്രത്യേകം പാസുകൾ ജില്ലാ ദുരന്തനിവാരണ അതോറിറ്റിയിൽ നിന്നും അനുവദിക്കുന്നതാണ്.
5. നിരീക്ഷണത്തിലുള്ള വ്യക്തികളുടെ വീടുകൾ, ഭക്ഷണം വിതരണം ചെയ്യുന്ന വീടുകൾ എന്നിവ സന്ദർശിക്കുമ്പോഴും മരുന്നുകൾ വാങ്ങി നൽകുക, സാധന സാമഗ്രികൾ വാങ്ങി നൽകുക, പായ്ക്കിംഗ്, വിതരണം എന്നിവ ചെയ്യുമ്പോഴും വോളണ്ടിയർമാർ സാമൂഹിക അകലം പാലിക്കുകയും മുൻകരുതലുകൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.
6. വോളണ്ടിയർമാർ തുടർച്ചയായി 14 ദിവസം ഡ്യൂട്ടിയ്ക്ക് ഹാജരാകേണ്ടതും തുടർന്നുള്ള 14 ദിവസം വീടുകളിൽ സ്വയം നിരീക്ഷണത്തിൽ പ്രവേശിക്കേണ്ടതുമാണ്. പതിനാലാമത്തെ ദിവസം വോളണ്ടിയർമാരുടെ പാസുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനം തിരികെ വാങ്ങി റദ്ദ് ചെയ്യേണ്ടതും ജില്ലാ എമർജൻസി ഓപ്പറേറ്റിംഗ് സെന്ററിൽ തിരികെ ഏൽപ്പിക്കേണ്ടതുമാണ്.
7. ഓരോ 14 ദിവസങ്ങളിലേക്കും നിയോഗിക്കേണ്ട വോളണ്ടിയർമാരുടെ ലിസ്റ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻകൂട്ടി (ഒരാഴ്ച്ച മുമ്പ്) തയ്യാറാക്കി ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയിൽ നിന്ന് പാസ്സുകൾ കൈപ്പറ്റേണ്ടതാണ്.
8. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏൽപ്പിക്കുന്ന ചുമതലകൾ വോളണ്ടിയർമാർ കൃത്യമായി നിർവ്വഹിക്കേണ്ടതാണ്.

9. കൃത്യമായ ദൂര പരിധി, ഇടയ്ക്കിടെയുള്ള കൈകഴുകൽ, മാസ്ക് ധരിക്കൽ മുതലായ എല്ലാ പ്രതിരോധ മുൻകരുതലുകളും വോളണ്ടിയർമാർ പാലിക്കേണ്ടതാണ്.

10. വോളണ്ടിയർമാർ പാസുകൾ ദുരുപയോഗം ചെയ്യാൻ പാടില്ലാത്തതും ദുരുപയോഗം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ കർശന നടപടി സ്വീകരിക്കുന്നതുമാണ്.

2/4/2020

ചെയർപേഴ്സൺ ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി

&

ജില്ലാ കളക്ടർ

To

എല്ലാ ജില്ലാതല ഉദ്യോഗസ്ഥർക്കും.

എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനസെക്രട്ടറിമാർക്കും.